# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 8** **30/11/2015-ന് മറുപടിക്ക്**

**ഭരണഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഭരണഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ ഇതുവരെ മലയാളം ഔദ്യോഗികഭാഷയാക്കിയിട്ടില്ലാത്ത കേരളത്തിൽ നിലവിലുള്ള എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും ഇനി രൂപീകരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സർക്കാർ/അർദ്ധസർക്കാർ/ സ്വയം ഭരണ/പൊതുമേഖല/ സഹകരണ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് (1969-ലെ 7) 1 ബി |

| | | | |
|---|---|---|---|
| | | | വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ചു കൊണ്ട് ഇംഗ്ലീഷിൽ കത്തിടപാടുകൾ നടത്തേണ്ട കേന്ദ്രസർക്കാർ, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, ഹൈക്കോടതി, സുപ്രീംകോടതി, അന്യസംസ്ഥാനങ്ങൾ, അന്യരാജ്യങ്ങൾ, സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നട അല്ലാതെയുള്ള മറ്റ് ഭാഷാന്യൂന പക്ഷക്കാരുമായുള്ള കത്തിടപാടുകൾ, ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിലെ പ്രത്യേക പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ ഇംഗ്ലീഷിൽ കത്തിടപാടുകൾ നടത്താൻ അനുമതി നൽകിയപ്പോഴും അവയുടെ കുറിപ്പ്ഫയൽ നിർബന്ധമായും മലയാളത്തിൽ കൈകാര്യം ചെയ്യണമെന്ന് വ്യവസ്ഥ ചെയ്ത് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത വിജ്ഞാപനത്തിന് വിധേയമായി സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ/ സെക്രട്ടേറിയറ്റിതര വകുപ്പുകൾ/ പൊതു മേഖല/ അർദ്ധസർക്കാർ/ സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഇനിമേൽ പുറപ്പെടുവിക്കുന്ന എല്ലാവിധ ഉത്തരവുകളും സർക്കുലറുകളും, മറ്റ് കത്തിടപാടുകളും മലയാളത്തിൽ മാത്രമായിരിക്കണമെന്നും ഇതിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നടപടി സ്വീകരിക്കുന്നതാണെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഭരണഭാഷാ മാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 2012 നവംബർ 1 മുതൽ വർഷാവർഷം ഭരണഭാഷാ വർഷമായി ആഘോഷിക്കുന്നതിന് വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകിവരുന്നു. ഈ കാലയളവിൽ വിവിധ വകുപ്പുകളും സ്ഥാപനങ്ങളും ഭരണഭാഷാ വ്യാപന ത്തിനായി പ്രത്യേക കർമ്മ പരിപാടി തയ്യാറാക്കി നടപ്പിലാക്കണമെന്ന് നിർദ്ദേശം നൽകുകയും കർമ്മ പരിപാടിയുടെ മാതൃക ഔദ്യോഗിക ഭാഷാ വകുപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മലയാളം കമ്പ്യൂട്ടിങ്ങ് പരിശീലനം, ഭരണഭാഷാ പരിശീലനം, കോഡുകളും മാന്വലുകളും പരിഭാഷ പ്പെടുത്തി പ്രസിദ്ധീകരിക്കൽ, ഭരണ ഭാഷാ പ്രചാരണം, ബോർഡുകൾ മലയാളത്തിലാക്കൽ, വെബ് സൈറ്റിലെ വിവരം മലയാളത്തിൽ കൂടി ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടാണ് കർമ്മപരിപാടി രൂപപ്പെടുത്തിയത്. കൂടാതെ പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനായി ഓരോ വകുപ്പിലും ഏകോപനാധികാരിയെ നിയോഗി-ക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണ രംഗത്ത് മലയാളത്തിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതിനുവേണ്ടി സർക്കാർ ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനമായി വിവിധ തലത്തിൽ ഭരണഭാഷാ പുരസ്കാരങ്ങൾ ഏർപ്പെടുത്തി നൽകി വരുന്നു. കൂടാതെ എൽ.ബി.എസ്-ന്റെ വിവിധ സെന്ററുകൾ വഴി ഉദ്യോഗസ്ഥർക്ക് മലയാളം കമ്പ്യൂട്ടർ പരിശീലനവും നൽകിവരുന്നുണ്ട്.<br><br>സംസ്ഥാനത്ത് സമഗ്രമായ ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിനും പുരോഗതി അവലോകനം സാദ്ധ്യമാക്കുന്നതിനുമായി എല്ലാ വകുപ്പിലും വകുപ്പ സെക്രട്ടറിയുടെ അദ്ധ്യക്ഷത യിൽ വകുപ്പുതല ഔദ്യോഗികഭാഷാ സമിതി രൂപീകരിക്കുന്നതിനും പ്രസ്തുത സമിതി മൂന്നു മാസത്തിലൊരിക്കൽ ഔദ്യോഗിക ഭാഷാ വകുപ്പ പ്രതിനിധിയുടെ |

| | | | |
|---|---|---|---|
| | | | സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് ഭാഷാമാറ്റ പുരോഗ്തി അവലോകനം ചെയ്യണമെന്നും ഓരോ വകുപ്പിലെ ജില്ലാതല മേധാവി അദ്ധ്യക്ഷനായ ജില്ലാതല ഔദ്യോഗികഭാഷാ സമിതി 2 മാസത്തിലൊരിക്കൽ ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യണമെന്നും നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമേ ആഭ്യന്തര പരിശോധനാ വിഭാഗങ്ങളുടെ പരിശോധനാ വിഷയത്തിൽ ഭാഷാമാറ്റ പുരോഗതി എന്ന ഒരിനം കൂടി ഉൾപ്പെടുത്തുകയും ഔദ്യോഗികഭാഷ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനാവശ്യമായ നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതു കൂടാതെ ഔദ്യോഗികഭാഷാ വകുപ്പ് സംസ്ഥാനത്തെ വിവിധ ഓഫീസു കളിൽ ഭരണഭാഷാ സംബന്ധമായ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച പരിശോധനയും നടത്തിവരുന്നു.<br><br>കേരള സംസ്ഥാനത്തിന്റെ ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ മലയാളവും ഇംഗ്ലീഷും ഭാഷകൾ സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാനും കേരള സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കപ്പെടുന്ന ബില്ലുകളിലോ നിയമസഭ പാസ്സാക്കുന്ന ആക്ടുകളിലോ ഗവർണർ വിളംബരപ്പെടുത്തുന്ന ഓർഡിനൻസുകളിലോ ഉപനിയമ നിർമ്മാണത്തിലോ മലയാളം ഒരു ഭാഷയായി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ട് 1969-ൽ ഔദ്യോഗികഭാഷകൾ ആക്ട് രൂപപ്പെടുത്തി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് സമസ്ത മേഖലയിലും മലയാളഭാഷയുടെ ഉപയോഗം നിയമപരമായി ഉറപ്പാക്കുന്നതിനും ഭരണതലത്തിൽ മലയാളഭാഷാ സംബന്ധമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഒരു സമഗ്ര മലയാളഭാഷാ നിയമം ഉണ്ടാക്കുന്നതിനായി ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാസമിതി ശിപാർശ ചെയ്ത് റിപ്പോർട്ട് നൽകിയിരുന്നു. 02/09/2013-ൽ ചേർന്ന ബഹു. മുഖ്യമന്ത്രി അധ്യക്ഷനായ ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി മലയാളഭാഷാ നിയമം ഉണ്ടാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുകയും ആയതിനുള്ള തുടർനടപടികളെടുക്കാൻ ഔദ്യോഗിക ഭാഷാ വകുപ്പിനെ ചുമതലപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. 26/09/2014 തീയതിയിലെ സ.ഉ(കൈ) 32/2014/ഉഭപവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മലയാളഭാഷാ നിയമം ഉണ്ടാക്കാൻ സർക്കാർ നയപരമായ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചു. ഔദ്യോഗികഭാഷാ വകുപ്പ് വിവിധ മാർഗ്ഗേണ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ മലയാളഭാഷാ നിയമ നിർമ്മാണത്തിനുള്ള മെമ്മോറാണ്ടം തയ്യാറാക്കുകയും ഇതിൻപ്രകാരം നിയമവകുപ്പ് തയ്യാറാക്കിയ മലയാളഭാഷാ നിയമം (വ്യാപനവും പരിപോഷണവും) കരട് ബിൽ മന്ത്രിസഭായോഗ പരിഗണനയിലുമാണ്. |
| (ബി) | സർക്കാർ വെബ്സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽകൂടി ലഭ്യമാക്കുന്നതിനും, മലയാളത്തിൽ | (ബി) | ഉണ്ട് |

| | | | |
|---|---|---|---|
| | ഫോറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ അച്ചടിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) | ഭരണരംഗത്ത് മലയാള ഭാഷ ഉപയോഗിക്കുന്നത് സംബന്ധിച്ച പഠനം നടത്തു ന്നതിന് ഐ.എം.ജി-യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇതിന്റെ റിപ്പോർട്ട് ലഭിച്ചി ട്ടുണ്ടോ? | (സി) | ഉണ്ട്, റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ